

അഭിമുഖം ●

ഇദ്‌രീസ് തൗഫീഖ്

വി.വി ശരീഫ് സിംഗപ്പൂർ

# ഹൗ ആർ യു?
# അൽ ഹംദുലില്ലാഹ്!

(**പാശ്ചാത്യ** നാടുകളിൽനിന്ന് ഇസ്‌ലാമിലേക്ക് കടന്നുവരുന്ന വ്യക്തിത്വങ്ങൾ സജീവ പ്രബോധകരായി മാറുന്നതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. സ്വന്തം നാടുകളിൽ പരിമിതമല്ല ബഹുമുഖ പ്രതിഭകളായ ഇവരുടെ പ്രവർത്തനങ്ങൾ. മുസ്‌ലിം നാടുകൾ സന്ദർശിച്ച് പാരമ്പര്യ മുസ്‌ലിംകളെ ഇസ്‌ലാമിക മാർഗത്തിൽ ആവേശമുള്ളവരാക്കുന്നതിലും അവർ വലിയ പങ്ക് വഹിക്കുന്നു.

യൂസുഫുൽ ഇസ്‌ലാമിന്റെയും യിവോൺ റിഡ്‌ലിയുടെയും നാട്ടിൽനിന്ന് മറ്റൊരു പ്രബോധകൻ ലോക വേദികളിൽ ശ്രദ്ധ പിടിച്ചുപറ്റുന്നു- ഇദ്‌രീസ് തൗഫീഖ്. ബ്രിട്ടീഷുകാരനായ ഇദ്ദേഹം നീണ്ട കാലം റോമൻ കത്തോലിക്കാ പുരോഹിതനായിരുന്നു. അഞ്ചുവർഷത്തോളം വത്തിക്കാനിലാണ് പുരോഹിതനായി ജീവിച്ചത്. പുരോഹിതവൃത്തി നിർത്തിയശേഷം ബ്രിട്ടനിലെ വിവിധ കോളേജുകളിൽ

മതവിഷയങ്ങൾ പഠിപ്പിച്ചു. മാഞ്ചസ്റ്റർ യൂനിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും റോമിലെ പ്രശസ്ത ദൈവശാസ്ത്രപഠന കേന്ദ്രമായ PONTIFICAL UNIVERSITY OF ST. THOMAS AQUINASൽനിന്ന് ദൈവശാസ്ത്രപഠനത്തിൽ ഉന്നത ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

ഇപ്പോൾ ഈജിപ്തിൽ താമസിക്കുന്ന ഇദ്‌രീസ് തൗഫീഖ്, തന്റെ സമയത്തിന്റെ വലിയൊരു ഭാഗം ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ നാടുകളിലും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. വിവിധ രാജ്യങ്ങളിൽ നൂറുകണക്കിന് പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. മനോഹരവും വശ്യവുമാണ് പ്രഭാഷണ ശൈലി.

Islam Online, Reading Islam എന്നീ പ്രശസ്ത ഇസ്‌ലാമിക വെബ്സൈറ്റുകളിലെ കൺസൽട്ടന്റും കോളമിസ്റ്റുമാണ്. ഇസ്‌ലാം ഓൺലൈൻ റേഡിയോവിലും (ഞായറാഴ്ചകളിൽ) പ്രശസ്ത ടി.വി ചാനലായ ഹുദാ ടി.വിയിലും (ബുധനാഴ്ചകളിൽ) LET US TALK എന്ന പ്രോഗ്രാം അവതരിപ്പിച്ച് വരുന്നു. ഈജിപ്തിലെ പ്രശസ്ത ഇംഗ്ലീഷ് പത്രമായ *ഈജിപ്ത് മെയിലി*ലും *സൗത്തുൽ അസ്ഹറി*ലും കോളമിസ്റ്റാണ്. GARDENS OF DELIGHT, TALKING TO YOUNG MUSLIMS, TALKING TO NEW MUSLIMS, TALKING TO MUSLIMS IN THE WEST, TALKING ABOUT RAMDAN, TALKING ABOUT OTHER FAITH, LOOKING FOR PEACE IN THE LAND OF PROPHETS എന്നീ കൃതികളുടെ കർത്താവാണ്. ഒരു പ്രഭാഷണ പരമ്പരയിൽ പങ്കെടുക്കാൻ സിംഗപ്പൂരിൽ എത്തിയ ഇദ്‌രീസ് തൗഫീഖ് *പ്രബോധന*ത്തിന് അനുവദിച്ച പ്രത്യേക അഭിമുഖം)

● *കത്തോലിക്ക പുരോഹിതനായിരുന്ന താങ്കൾ എങ്ങനെയാണ് ഇസ്‌ലാമിലെത്തിയത്?*


അല്ലാഹുവാണ് എന്നെ ഇസ്‌ലാമിലെത്തിച്ചത്. ജനങ്ങൾ ചോദിക്കുന്നു, എന്തൊരു മാറ്റമാണെനിക്ക് സംഭവിച്ചത്! ഒരു കത്തോലിക്കാ പുരോഹിതനായി നീണ്ട കാലം സേവനം ചെയ്തയാൾ പൊടുന്നനെ മറ്റൊരു വിശ്വാസരീതി പിന്തുടരുകയോ? എത്ര മനോഹരമായാണ് അല്ലാഹു എന്നെ ഇസ്‌ലാമിലേക്ക് നയിച്ചതെന്ന് ഞാൻ മനസിലാക്കുന്നു. പുരോഹിത ജോലിയിൽനിന്ന് സ്വമേധയാ പിരിഞ്ഞപ്പോൾ ലഭിച്ച ഒഴിവുവേളയിൽ ഒരു വിദേശയാത്രക്ക് മോഹമുണ്ടായി. ഈജിപ്ത് തെരഞ്ഞെടുത്തു. യാത്രാ ചെലവുകൾ കുറവായതാണ് കാരണം. ഞാനാദ്യമായി സന്ദർശിക്കുന്ന മുസ്‌ലിം രാജ്യം.

ഹോട്ടലിൽ മുറിയെടുത്ത് ഈജിപ്തിലെ തെരുവുകൾ കാണാൻ പുറത്തിറങ്ങി. ഹോട്ടലിന്റെ പുറത്ത് തെരുവോരത്ത് ഷൂ പോളിഷ് ചെയ്യുന്ന കുട്ടി ഇരിക്കുന്നത് കണ്ടു. എന്നെ കണ്ടയുടനെ തന്നെ അവൻ 'അസ്സലാമു അലൈക്കും' എന്ന് പറഞ്ഞു. ഞാൻ ചിരിച്ചുകൊണ്ട് അവനോട് 'ഹൗ ആർ യു' എന്ന് ചോദിച്ചു. ഉടനെ അവൻ പ്രസന്നവദനനായി പ്രതികരിച്ചു: 'അൽഹംദുലില്ലാഹ്'! അർഥവത്തായ ഇസ്‌ലാമിക അഭിവാദന രീതിയുടെ മനോഹാരിത ഞാൻ ആദ്യമായി അനുഭവിച്ചറിയുകയായിരുന്നു. ഈ രണ്ട് വാക്കുകളുടെയും അർഥം മനസ്സിലാക്കിയപ്പോൾ ഞാൻ തരിച്ചിരുന്നുപോയി. ലോകത്തെ മറ്റൊരു അഭിസംബോധന രീതിക്കും ഇല്ലാത്തൊരു മാസ്മരികത ഞാനതിൽ കണ്ടു. ഞാൻ 'ഹൗ ആർ യു' എന്നു ചോദിച്ചപ്പോൾ 'അൽഹംദുലില്ലാഹ്' എന്നവൻ പറഞ്ഞുവല്ലോ. വളരെ കഷ്ടപ്പെട്ട് തുഛവരുമാനം കൊണ്ട് ജീവിക്കുന്ന ആ കുട്ടി തന്റെ കഷ്ടപാടുകൾക്കിടയിലും അത്രയും നൽകിയ ദൈവത്തിന് നന്ദി പറയുന്നു. വലിയ സമ്പത്തിൽ ആറാടുമ്പോഴും ആർത്തി പൂണ്ട് വീണ്ടും

വീണ്ടും അസ്വസ്ഥരായി പണിയെടുക്കുന്ന എന്റെ നാട്ടിലെ സമ്പന്നരെ ആ കുട്ടിയുമായി താരതമ്യം ചെയ്തുനോക്കി. എന്തൊരു വൈരുധ്യം! എത്ര ചെറിയ സൗകര്യങ്ങൾ ലഭിച്ചാലും ലഭിച്ചതിന് ദൈവത്തോട് നന്ദി പറയാൻ പരിശീലിപ്പിച്ച ആ ദർശനം എത്ര മനോഹരമായിരിക്കുമെന്ന് ഞാൻ ഊഹിച്ചു. ഇസ്‌ലാമിലേക്ക് എന്നെ എത്തിച്ചത് ഈ രണ്ട് വാക്കുകളാണെന്ന് പറയാം. തുടർന്ന് ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചു. ഈജിപ്തിൽനിന്നു തിരിച്ചെത്തിയപ്പോൾ എനിക്ക് ലണ്ടനിലെ ജൂനിയർ കോളേജിൽ മതവിഷയം പഠിപ്പിക്കാൻ ക്ഷണം ലഭിച്ചു. ഈ ജോലി കുറച്ചുനാൾ തുടർന്നു. അവിടെ ഇസ്‌ലാമിക വിഷയവും പഠിപ്പിക്കാൻ തുടങ്ങി. എന്റെ വിദ്യാർഥികളിലെ മുസ്‌ലിം കുട്ടികൾ കോളേജ്ഹാളിൽ വെച്ച് നമസ്കരിക്കാറുണ്ടായിരുന്നു. രഹസ്യമായി ഞാൻ നമസ്കാരം നിരീക്ഷിച്ചു. പ്രാർഥനകൾ പഠിച്ചു തുടങ്ങി. തുടർന്ന് നമസ്കാരം നിർവഹിക്കാനാരംഭിച്ചു. വെള്ളിയാഴ്ച ജുമുഅ നമസ്കാരം കാണണമെന്നും അതിൽ പങ്കെടുക്കണമെന്നും എനിക്ക് അതിയായ ആഗ്രഹമുണ്ടായി. അങ്ങനെ ഒരു വെള്ളിയാഴ്ച ഞാൻ ലണ്ടനിലെ സെൻട്രൽ മസ്ജിദിൽ ജുമുഅ നിർവഹിച്ചു. ജുമുഅ നമസ്കാരവും അതിന്റെ ക്രമവും എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഇതൊക്കെ സംഭവിച്ചത് ഞാൻ മുസ്‌ലിമാകുന്നതിന് മുമ്പാണെന്നോർക്കണം. ജുമുഅക്ക് ശേഷം ഞാൻ യൂസുഫുൽ ഇസ്‌ലാമിനെ കണ്ടു. അദ്ദേഹത്തോട് എന്റെ മനസ്സിലെ ഏകദൈവവിശ്വാസത്തെക്കുറിച്ചും സ്വകാര്യമായി നമസ്കരിക്കുന്നതിനെക്കുറിച്ചുമൊക്കെ സംസാരിച്ചു. 'ഇത്രയൊക്കെയായിട്ട് പിന്നെന്തിനാണ് കാത്തിരിക്കുന്നത്? ശഹാദത്ത് ചൊല്ലിയാൽ താങ്കൾ മുസ്‌ലിം ആയല്ലോ.' ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദേഹത്തെ സാക്ഷിനിർത്തി ശഹാദത്ത് ചൊല്ലി ഞാൻ ഇസ്‌ലാം സ്വീകരിച്ചു. 2001ൽ ആയിരുന്നു ഇത്.

● *സമകാലിക ലോകത്ത് ഇസ്‌ലാം എത്രത്തോളം പ്രസക്തമാണ്? പ്രത്യേകിച്ച് യൂറോപ്യൻ പശ്ചാത്തലത്തിൽ?*

ആദ്യമായി നമ്മൾ ചോദിക്കേണ്ടത് ഇന്നത്തെ ലോകത്ത് പൊതുവിൽ മതത്തിന് വല്ല പ്രസക്തിയുമുണ്ടോ എന്നാണ്. പാശ്ചാത്യ ലോകത്ത് ഭൗതികതയാണ് അടക്കിവാഴുന്നത്. ഭൗതിക ഭ്രമമാണ് ദൈവവിശ്വാസത്തേക്കാൾ അവിടെ മുന്നിട്ടുനിൽക്കുന്നത്. വളരെ സംഘടിതമായ ക്രൈസ്തവ മതത്തിന്റെ പശ്ചാത്തലമുണ്ടായിട്ടു കൂടി ആളുകൾ ദൈവത്തിൽനിന്ന് കൂടുതൽ അകലുകയാണ്. ഇതുകൊണ്ട് തന്നെ ആളുകൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ളതും കുടുസ്സായതുമായ ദർശനങ്ങൾക്ക് വലിയ പ്രസക്തി ഉണ്ടെന്നെനിക്ക് തോന്നുന്നില്ല. ഈ ഗണത്തിൽ പെടാത്ത ദർശനമായത് കൊണ്ടുതന്നെ ഇസ്‌ലാമിന് പാശ്ചാത്യ ലോകത്തും മറ്റെവിടെയും ഇന്നും എന്നും പ്രസക്തിയുണ്ട്. 1400 വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാം എത്രത്തോളം പ്രസക്തമായിരുന്നുവോ അത്രത്തോളമോ അതിൽ കൂടുതലോ പ്രസക്തി ഇന്നത്തെ പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിനുണ്ട്. ഒന്നാമതായി മനുഷ്യ പ്രകൃതിക്ക് ഏറ്റവും ഇണങ്ങിയ വിശ്വാസ സംഹിതയാണത്. രണ്ടാമതായി ഏത് ഗണത്തിൽ പെട്ട മനുഷ്യരോടും വളരെ ലളിതമായി യാതൊരു സങ്കീർണതയുമില്ലാതെ നേരിട്ട് സംവദിക്കാൻ ഇസ്‌ലാമിന് കഴിയുന്നു. ഒരു ഇടനിലക്കാരനുമില്ലാതെ ദൈവത്തോടടുക്കാനും സംവദിക്കാനും എല്ലാ മനുഷ്യർക്കും വേർതിരിവില്ലാതെ ഇസ്‌ലാം അവസരം നൽകുന്നു. പൊതുവിൽ ആളുകൾക്ക് ദൈവം ഉണ്ട് എന്നൊരു ധാരണയുണ്ട്, അല്ലെങ്കിൽ ഒരു കേവല വിശ്വാസമുണ്ട്. പക്ഷെ ആ ദൈവത്തിലേക്കെത്തുന്നതെങ്ങനെ,




ദൈവത്തിന്റെ സന്ദേശമെന്ത് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊക്കെ പാശ്ചാത്യർ അശ്രദ്ധരാണ്. ഭൗതിക സൗകര്യങ്ങളും സുഖവും പരമാവധി ആസ്വദിച്ച് സന്തോഷവും സമാധാനവും ലഭിക്കുമെന്ന് കരുതി അവയുടെ പിന്നാലെ നെട്ടോട്ടമോടി അവരിൽ ഭൂരിപക്ഷവും എത്തുന്നത് വലിയ അസമാധാനത്തിലാണ്. ഇവിടെയാണ് ഇസ്‌ലാമിന്റെ പ്രസക്തി വർധിക്കുന്നത്. ഈ അസ്വസ്ഥതയിൽനിന്ന് സ്വസ്ഥതയിലേക്കും സമാധാനത്തിലേക്കും നയിക്കാനുള്ള മാസ്മരികത ഇസ്‌ലാമിനുണ്ട്. പൗരോഹിത്യം, ആദിപാപം മുതലായ സങ്കൽപമൊന്നുമില്ലാത്തത് കൊണ്ട് പ്രത്യേകിച്ചും.

● *ഇംഗ്ലണ്ടിൽ സ്ത്രീകൾ ധാരാളമായി ഇസ്‌ലാമിലേക്ക് വരുന്നുണ്ടല്ലോ? ഇതിന് പ്രത്യേകമായി വല്ല കാരണവും?*

ഇംഗ്ലണ്ടിലും ആളുകൾ ധാരാളമായി ഇസ്‌ലാമിനെ കണ്ടെത്തുന്നു എന്നത് യാഥാർഥ്യമാണ്. ഇതിൽ പുരുഷന്മാരെയും സ്ത്രീകളെയും വേർതിരിച്ച് ഞാൻ പഠനമൊന്നും നടത്തിയിട്ടില്ല. പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളെയും ഇസ്‌ലാം ആകർഷിക്കുന്നുണ്ട്. 9/11-നു ശേഷം മറ്റ് പാശ്ചാത്യ നാടുകളെ പോലെ ഇംഗ്ലണ്ടിലും ഇസ്‌ലാമിന് പ്രചാരം കൂടിയിട്ടുണ്ട്. ഇതിന് കാരണം വ്യക്തമായ ദിശാബോധം ആളുകൾക്ക് നൽകാൻ ഇസ്‌ലാമിന് കഴിയുന്നു എന്നതാണ്. എനിക്ക് തോന്നുന്നത് 9/11 സംഭവിച്ചില്ലായിരുന്നുവെങ്കിൽ ഇതേക്കാൾ കൂടുതൽ ആളുകൾ ഇസ്‌ലാം സ്വീകരിച്ചേനെ. പാശ്ചാത്യർ വിനോദസഞ്ചാരികളായി ധാരാളമായി മുസ്‌ലിം നാടുകളിൽ എത്തുന്നുണ്ട്. അവിടങ്ങളിൽ അവർ കാണുന്നത് മീഡിയ തെറ്റിദ്ധരിപ്പിച്ച ഇസ്‌ലാമിനെയും മുസ്‌ലിംകളെയുമല്ല. ഇത്തരത്തിലുള്ള യാത്രകൾ പലരെയും ഇസ്‌ലാമിലെത്തിക്കുന്നുണ്ട്. പാശ്ചാത്യരിൽ പൊതുവെ തുറന്ന മനസ്സും അന്വേഷണ തൃഷ്ണയും കൂടുതലുണ്ട്. ഈ അന്വേഷണ തൃഷ്ണയെ തൃപ്തിപ്പെടുത്താനും ഈ തുറന്ന മനസ്സിലേക്ക് കയറിച്ചെല്ലാനും ഇസ്‌ലാമിന് എളുപ്പം സാധിക്കുന്നു. സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചത് ഇസ്‌ലാമാണെന്നാണ് എനിക്ക് ബോധ്യപ്പെട്ടത്. ഒരു ഉദാഹരണം പറയാം. പാശ്ചാത്യ ലോകത്ത് മിക്ക സ്ത്രീകളും ജോലി ചെയ്യുന്നതുകൊണ്ട് കുടുംബ ബജറ്റിന്റെ ഉത്തരവാദിത്വം രണ്ടുപേരും തുല്യമായി വീതിക്കുന്നു. മുസ്‌ലിം സ്ത്രീയെ ഈ ഉത്തരവാദിത്വത്തിൽ നിന്നും ഇസ്‌ലാം ഒഴിവാക്കിയിരിക്കുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭാരം പുരുഷനിലാണ് ഇസ്‌ലാം ചുമത്തുന്നത്. സ്ത്രീ ജോലി ചെയ്ത് നേടുന്ന സമ്പാദ്യം സ്ത്രീക്ക് തന്നെ. ഇതുപോലെ പല കാര്യങ്ങളിലും സ്ത്രീകൾക്ക് ഉന്നത പദവിയും സ്വാതന്ത്ര്യവും ഇസ്‌ലാം അനുവദിക്കുന്നു.

● *കന്യാമറിയത്തിന്റെ ചിത്രം 'ഹിജാബ്' ധരിച്ചുകൊണ്ടാണ് കാണപ്പെടുന്നത്, കന്യാസ്ത്രീകളും ഹിജാബ് ധരിക്കുന്നു. അതിനാൽ യൂറോപ്പിൽ ഈ വസ്ത്രധാരണരീതി പരിചിതവുമാണ്. പിന്നെ എന്തിനാണ് മുസ്‌ലിം സ്ത്രീകൾ ഹിജാബ് ധരിക്കുമ്പോൾ മാത്രം പാശ്ചാത്യർ നെഗറ്റീവായി കാണുന്നത്?*

ശരിയാണ്. കന്യാസ്ത്രീകൾ തലമറയ്ക്കുമ്പോൾ അവർ അടിച്ചമർത്തപ്പെട്ടവരാണെന്ന് ആരും വേവലാതിപ്പെടുന്നില്ല. പക്ഷെ മുസ്‌ലിം സ്ത്രീ ഹിജാബ് ധരിക്കുമ്പോൾ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവളായി പാശ്ചാത്യ മാധ്യമങ്ങൾ ചിത്രീകരിക്കുന്നു.

മാതാവിന്റെ കാലിന്നടിയിലാണ് സ്വർഗം എന്ന് പറയുക വഴി പ്രവാചകൻ ലോക ചരിത്രത്തിൽ ഇന്നേവരെ സ്ത്രീക്ക് നൽകിയതിൽ വെച്ചേറ്റവും ഉയർന്ന പദവിയാണ് നൽകിയത്. എങ്കിലും ഇസ്‌ലാം സ്ത്രീക്ക് നൽകിയ സ്വാതന്ത്ര്യം മുഴുവനായും വക വെച്ച് കൊടുക്കുന്നതിൽ മുസ്‌ലിം സമൂഹത്തിലെ ചിലർ ഇപ്പോഴും അമാന്തിച്ച് നിൽക്കുന്നു എന്നെനിക്ക് തോന്നിയിട്ടുണ്ട്. എന്തായാലും 'ഹിജാബ് പേടി'യൊക്കെ താൽക്കാലികമായുണ്ടാകുന്ന അസഹിഷ്ണുതയുടെ ഭാഗമായി കണ്ടാൽ മതി. ഈ അസഹിഷ്ണുതയെ പക്വമായ രീതിയിൽ നേരിടുന്നതിലാണ് വിജയം.

● *അടുത്ത കാലത്തായി യൂറോപ്പിൽ പ്രകടമായി തന്നെ ഇസ്‌ലാമിനെതിരിൽ നീക്ക ങ്ങൾ നടക്കുന്നു. സ്വിറ്റ്സ്വർലണ്ടിലെ മിനാര നിരോധം, ഫ്രാൻസിലെ നിഖാബ് നിരോധം തുടങ്ങിയവ ഉദാഹരണങ്ങൾ. എന്താണിതിന് കാരണം? ഇത്തരത്തിലുള്ള നീക്കങ്ങളൊന്നും മുസ്‌ലിംകൾക്കെതിരെ അമേരിക്കയിൽ പോലും നടക്കുന്നില്ലല്ലോ?*

അമേരിക്കൻ മുസ്‌ലിംകളും യൂറോപ്യൻ മുസ്‌ലിംകളും വ്യത്യസ്ത പശ്ചാതലം ഉള്ളവരാണ്. അമേരിക്കയിലെ മുസ്‌ലിംകളിൽ ഭൂരിഭാഗവും അവിടെ എത്തിപ്പെട്ടത് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടിയും ജോലി തേടിക്കൊണ്ടുമാണ്. അതുകൊണ്ടുതന്നെ സാമൂഹിക ശ്രേണിയിൽ മുസ്‌ലിംകൾ മുന്നിട്ട് നിൽക്കുന്നു. ഈ കാരണംകൊണ്ട് തന്നെ ഇന്ന് അമേരിക്കയിലും കാനഡയിലും ഒരു ശരാശരി അമേരിക്കൻ, കനേഡി യൻ പൗരനേക്കാൾ മുമ്പിലാണ് വിദ്യാഭ്യാസരംഗത്തും തൊഴിൽ രംഗത്തും മുസ്‌ലിം കൾ. അമേരിക്കയിലാകട്ടെ ജൂത വിഭാഗത്തെ കഴിഞ്ഞാൽ വിദ്യാഭ്യാസരംഗത്ത് രണ്ടാം സ്ഥാനത്തുള്ള മതവിഭാഗം മുസ്‌ലിംകളാണ്.

ഇതിൽനിന്ന് വ്യത്യസ്തമാണ് യൂറോപ്പിലെ അവസ്ഥ. അവിടെ ഭൂരിഭാഗം മുസ്‌ലിംകളും സാധാരണക്കാരായ, തൊഴിലാളികളായ കുടിയേറ്റക്കാരാണ്. റോമിലാ കട്ടെ ഫ്രാൻസിലാകട്ടെ ഇത് തന്നെയാണവസ്ഥ. സ്വിറ്റ്സ്വർലന്റ് പോലുള്ള നാടുക ളിലും കുറച്ച് വർഷങ്ങളായി തൊഴിൽ തേടിയെത്തുന്ന മുസ്‌ലിം നാടുകളിൽനിന്നുള്ള കുടിയേറ്റക്കാർ വർധിച്ചിട്ടുണ്ട്. ഇങ്ങനെ എത്തിപ്പെടുന്നവരിൽ ഭൂരിഭാഗവും വിദ്യാ ഭ്യാസ യോഗ്യതയില്ലാത്തതിനാൽ തൊഴിൽ രഹിതരാണ്. നിയമവിധേയമല്ലാതെ എത്തുന്ന ഇത്തരം കുടിയേറ്റക്കാർ ഒരു സാമൂഹിക പ്രശ്നമായി മാറുമെന്നും രാജ്യ ത്തിന് വലിയ അപകടം ഉണ്ടാക്കുമെന്നും പറഞ്ഞ് വിശ്വസിപ്പിക്കുന്നതിൽ അവി ടത്തെ വലതുപക്ഷ പാർട്ടികൾ വിജയിച്ചിരിക്കുന്നു. ഇങ്ങനെ കുടിയേറ്റവുമായി ബന്ധ പ്പെട്ട ഒരു പ്രശ്നം ഇസ്‌ലാം ഇഷ്യുവാക്കി അവർ മാറ്റി. ഇതാണ് മിനാരത്തിനെതി രെയും നിഖാബിനെതിരെയുമുള്ള നീക്കമായി മാറിയത്. എന്നാൽ ഇസ്‌ലാമോഫോ ബിയ മുഴുവൻ യൂറോപ്പിനെയും ബാധിച്ചു എന്ന് പറയാൻ പറ്റില്ല. ഉദാഹരണത്തിന് അയർലണ്ട്, ആസ്ട്രിയ, സ്കോട്ട്ലന്റ് എന്നീ രാജ്യങ്ങളിൽ ഇസ്‌ലാമിന് വളരെ അനു കൂലമായ സാമൂഹികാന്തരീക്ഷമാണുള്ളത്.

● *പാശ്ചാത്യ മാധ്യമങ്ങൾ ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വളരെ നെഗ റ്റീവായ നിലപാടെടുക്കുന്നതിന് കാരണമെന്താണ്? ഗസ്സ ദുരിതാശ്വാസത്തിനു വേ ണ്ടിയുള്ള യു.കെ എയ്ഡ് ഗ്രൂപ്പിന്റെ പരസ്യം പോലും ബി.ബി.സി നിരാകരിച്ചു വല്ലോ?*

നാം മനസ്സിലാക്കേണ്ട വസ്തുത, മുസ്‌ലിംകൾ മാത്രമല്ല ചരിത്രത്തിൽ ഇത്ത രത്തിൽ നെഗറ്റീവായി ചിത്രീകരിക്കപ്പെട്ടത് എന്നുള്ളതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ



■ യൂസുഫുൽ ഇസ്‌ലാം

തുടക്കത്തിൽ ഐറിഷ് ജനതക്കും കത്തോലിക്കാ വിശ്വാസികൾക്കുമാണ് ഇംഗ്ലണ്ടിൽ ശകാരമേൽക്കേണ്ടി വന്നത്. 1980 കളിൽ സിഖ് മതവിഭാഗമാണ് പൊതുസമൂഹത്തിന്റെ ശകാരത്തിന് പാത്രമായത്. ഇപ്പോൾ ഈ ഭാരം പേറുന്നത് മുസ്‌ലിംകളാണെന്നു മാത്രം. മീഡിയയാകട്ടെ, സെൻസേഷൻ ഇഷ്യുകളുടെ പിറകെയാണു താനും. മീഡിയയുമായി ബന്ധപ്പെട്ട ഒരു ചൊല്ലുണ്ട്. When it bleeds.... it leads. മീഡിയയിലെ ഇസ്‌ലാമോഫോബിയക്ക് മറ്റൊരു കാരണം, പാശ്ചാത്യ മാധ്യമങ്ങളെ നിയന്ത്രിക്കുന്നവരിലും അതിന്റെ ഉടമസ്ഥരിലും നല്ലൊരുവിഭാഗം ഇസ്‌ലാമിനോട് അസഹിഷ്ണുത പുലർത്തുന്നവരാണ് എന്നതാണ്. ഗസ്സ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പരസ്യം *ബി.ബി.സി* നിരാകരിച്ചതും ഈ അസഹിഷ്ണുതയുടെ ഫലമാണ്. താങ്കൾ ഗസ്സ പരാമർശിച്ചത് കൊണ്ട് ഞാനൊരു കാര്യം പറയാം. ലോകത്തെവിടെ പ്രഭാഷണത്തിന് പോയാലും ഞാനീ കാര്യം പറയാറുണ്ട്. കാര്യമിതാണ്: മുസ്‌ലിംകൾക്കും നല്ലവരായ മറ്റ് മനുഷ്യർക്കും എന്തൊക്കെ തരത്തിൽ ഗസ്സയിലെ ജനങ്ങളെ സഹായിക്കാൻ പറ്റുമോ ആ വഴിയിലൂടെയെല്ലാം അവിടുത്തെ ജനങ്ങളെ സഹായിക്കാൻ ശ്രമിക്കുക. ഞാനവിടെ സന്ദർശിച്ചിട്ടുണ്ട്. ഞാൻ കണ്ടേടത്തോളം ലോകത്ത് ഏറ്റവും കരുത്തുറ്റ ഈമാനുള്ളവർ ഗസ്സയിലെ മുസ്‌ലിംകളാണ്. ഈമാനിക ശക്തിതന്നെയാണ് അവരെ അവിടെ നിലനിർത്തുന്നത്. ഇൻശാ അല്ലാഹ്, അവർ ഒരുനാൾ വിജയിക്കുക തന്നെ ചെയ്യും. ഇത്ര വലിയ ബുദ്ധിമുട്ടിനിടയിലും അവർ സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നു. ഇതൊരത്ഭുതമല്ലാതെ മറ്റെന്താണ്!!

മീഡിയയുടെ പ്രതികൂല സമീപനത്തെപ്പറ്റി ചിന്തിച്ച് ഒരു തരത്തിലുള്ള അപകർഷതയും ഉണ്ടാവേണ്ടതില്ല എന്നാണെനിക്ക് പറയാനുള്ളത്. ഈ ഫോബിയയൊക്കെ മാറിവരും. ഭൗതികതയുടെ വിഭവശേഷികൊണ്ടല്ല മുസ്‌ലിംകൾ ചരിത്രത്തിൽ വിജയിച്ചത്. അടിയുറച്ച ഈമാനികാവേശവും ഇസ്‌ലാമിക ജീവിതവുമാണ് അവരെ വിജയത്തിലേക്ക് നയിച്ചത്. ഇനിയും അങ്ങനെതന്നെയാകും. അതുകൊണ്ട് ഇസ്‌ലാമിക ജീവിതം കൊണ്ടുതന്നെ മീഡിയയിലെ ഇസ്‌ലാമോഫോബിയയെ മാറ്റിയെടുക്കാൻ നമുക്ക് കഴിയും.

● *താങ്കളെപ്പോലെ ക്രിസ്തീയ മതദർശനത്തിൽ അവഗാഹം നേടിയ പുരോഹിതരും ഇസ്‌ലാമിലേക്ക് വരുന്നുണ്ട്. എന്താണിതിന് കാരണം? ബുദ്ധിപരമായി ഇസ്‌ലാമിക വിശ്വാസം സംതൃപ്തിനൽകുന്നതു കൊണ്ടാണോ?*

വേണമെങ്കിൽ ഇതിനുത്തരം അതെ എന്ന് പറയാം. കാരണം അറിവുള്ളവർ സ്വാഭാവികമായും താരതമ്യപഠനം നടത്തുന്നു. ഇതിലൂടെ ഇസ്‌ലാമിനെ ബോധ്യപ്പെട്ട് ആ പാത പിന്തുടരുന്നു. എനിക്ക് തോന്നുന്നത് ഇതിലൊക്കെയുപരി അല്ലാഹുവാണ് അവനുദ്ദേശിക്കുന്നവരെ അവനിലേക്ക് നയിക്കുന്നത് എന്നാണ്. ഇതിൽ സാധാരണക്കാരും വലിയ പണ്ഡിതരും പെടും. ഏതൊരാൾക്കും ഉൾക്കൊള്ളാനും പിൻപറ്റാനും പറ്റിയ വളരെ ലളിതമായ ദർശനമാണിസ്‌ലാം. അതാണ് അതിന്റെ പ്രത്യേകത. ഇസ്‌ലാം ദൈവികമായതുകൊണ്ടാണ് ഇങ്ങനെ. പോപ്പില്ല, പൗരോഹിത്യമില്ല,

എല്ലാ വിശ്വാസികൾക്കും ദൈവത്തോടടുക്കാൻ ഒരു തടസ്സവുമില്ല. ഈ ലാളിത്യമാണ് ഇസ്‌ലാമിലേക്കാകർഷിക്കുന്നത്. പിന്നെ ക്രിസ്തീയ ദർശനത്തിൽ അവഗാഹമുള്ള പണ്ഡിതർക്കും പുരോഹിതർക്കും ഇസ്‌ലാം ഉൾക്കൊള്ളാൻ എളുപ്പവുമാണ്. കാരണം ഇസ്‌ലാം ഒരു പുതിയ മതമല്ല. യേശുവിന്റെ പിന്തുടർച്ചക്കാരനും അവസാനത്തെ പ്രവാചകനുമായ മുഹമ്മദ്, യേശുതന്നെ പഠിപ്പിച്ച ദൈവിക ഉപദേശങ്ങളുടെ പൂർത്തീകരണമാണ് നടത്തിയത്. അതാണ് ഇസ്‌ലാം. ഇസ്‌ലാമിലൂടെ മാത്രമേ യേശുവിനെ പൂർണമായും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയുകയുള്ളൂ.

● *യേശുവിന്റെ ഉപദേശങ്ങൾ ഏകദൈവ കേന്ദ്രിതമായിരുന്നു എന്നും പിന്നീടാണ് യേശുവിൽ ദൈവികത ചാർത്തിയതെന്നും ത്രിയേകത്വം പോലുള്ള വിശ്വാസങ്ങൾ രൂപപ്പെട്ടതെന്നുമുള്ള വീക്ഷണത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം?*

ഇത് വലിയൊരു വിഷയമാണ്. എങ്കിലും ചില കാര്യങ്ങൾ മാത്രം പറയാം. ഇന്നത്തെ ക്രിസ്തീയ വിശ്വാസം രൂപപ്പെടുത്തിയത് യേശുവല്ല, സെന്റ് പോൾ ആണ്. നാല് സുവിശേഷങ്ങളാകട്ടെ യേശുവിന്റെ വചനങ്ങളുമല്ല. ഈ സുവിശേഷങ്ങൾ എഴുതിയത് യേശുവിന്റെ ദിവ്യത്വത്തെ തെളിയിക്കാനുമല്ല. നാല് സുവിശേഷങ്ങളും നാല് സാമൂഹിക പശ്ചാത്തലങ്ങളിൽനിന്ന് ക്രിസ്തുമതത്തിൽ വരുന്നവരെ ലക്ഷ്യം വെച്ചെഴുതപ്പെട്ടവയാണ്. യേശുവിന് ദിവ്യത്വം ചാർത്തിക്കൊടുത്തത് സെന്റ് പോൾ ആണ്. സർവലോകത്തിന്റെയും പാപത്തിന് പരിഹാരമായാണ് യേശു കുരിശ് മരണം വരിച്ചതെന്നും യേശു ഒരിക്കലും ഒരു മനുഷ്യനിൽ പരിമിതമല്ലെന്നും അദ്ദേഹം ഒരു പ്രവാചകനെന്നതിലുപരി ദൈവത്തിന്റെ തന്നെ ഭാഗമാണെന്നും സെന്റ് പോൾ ഉറച്ച് വിശ്വസിച്ചു. ഈ വിശ്വാസമാണ് യേശുവിനെ ദിവ്യത്വത്തിലേക്കുയർത്തിയതും ത്രിയേകത്വം പോലെയുള്ള വിശ്വാസം രൂപപ്പെടാൻ കാരണമായതും. ഇതൊക്കെ കരുതിക്കൂട്ടി രൂപപ്പെടുത്തിയ വിശ്വാസങ്ങളാണെന്ന് പൂർണമായും പറയാനും പറ്റില്ല. യേശുവോടുള്ള ആത്മാർഥമായ സ്നേഹം അതിര് കടന്നപ്പോൾ സംഭവിച്ച പരിണാമങ്ങളാണിത്. ഇതുകൊണ്ടാണ് പ്രവാചകൻ മുഹമ്മദ് തന്നെ ജീവന് തുല്യം സ്നേഹിച്ച അനുചരന്മാരോട് പറഞ്ഞത്, താൻ അവരെപ്പോലെ മനുഷ്യനാണെന്നും ദിവ്യസന്ദേശങ്ങൾ ലഭിക്കുന്നു എന്ന പ്രത്യേകത മാത്രമേ തനിക്ക് ഉള്ളൂവെന്നും. പ്രവാചകന്റെ മരണവാർത്തയറിഞ്ഞപ്പോൾ ഉമർ എങ്ങനെയാണ് പ്രതികരിച്ചത്? അദ്ദേഹത്തിനത് വിശ്വസിക്കാനായില്ല. അദ്ദേഹം പറഞ്ഞു: 'ആരെങ്കിലും മുഹമ്മദ് മരിച്ചു എന്ന് പറഞ്ഞാൽ അവനെ ഞാൻ വെട്ടിവീഴ്ത്തും.' ഉമറിന് പ്രവാചകനോടുള്ള തീവ്രസ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു ആ പ്രതികരണം. പക്ഷെ, അബൂബക്കർ ഈ സ്നേഹം അതിരുകടക്കാൻ അനുവദിച്ചില്ല. ഉടനെ അദ്ദേഹം സന്ദർഭത്തിനൊത്തുയർന്നു പറഞ്ഞു: "മുഹമ്മദിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ മുഹമ്മദിതാ മരിച്ചിരിക്കുന്നു, എന്നാൽ അല്ലാഹുവിനെയാണാരെങ്കിലും ആരാധിക്കുന്നുവെങ്കിൽ അവനെന്നെന്നും ജീവിക്കുന്നവനാണ്." എത്ര സമർഥമായാണ് മുഹമ്മദിന് ദിവ്യത്വം ചാർത്തിയേക്കാവുന്ന ഒരു സാഹചര്യം ഇല്ലാതായത്! മുഹമ്മദ് അവസാനത്തെ പ്രവാചകനാണ്. ഇസ്‌ലാം ലോകാവസാനം വരെ സംശുദ്ധമായി നിലനിൽക്കേണ്ടതും. ഇതുകൊണ്ടൊക്കെ തന്നെയാണ് പ്രവാചകനോടുള്ള നമ്മുടെ സ്നേഹം അതിർവരമ്പ് ലംഘിക്കാതെ നിലനിർത്താൻ കഴിയുന്നത്.

● *റോമിൽ പുരോഹിതനായി താങ്കൾ കുറച്ച് വർഷം ചെലവഴിച്ചിട്ടുണ്ടല്ലോ? മുൻ*



■ ഇദ്‌രീസ് തൗഫീഖും വി.വി ശരീഫും

*മാർപ്പാപ്പ ജോൺപോളിനെക്കുറിച്ചെന്ത് പറയുന്നു?*

ജോൺപോൾ മാർപ്പാപ്പയെക്കുറിച്ച് എനിക്ക് നല്ലത് മാത്രമേ പറയാനുള്ളൂ. ഞാനാദ്യമായി അദ്ദേഹത്തെ പരിചയപ്പെട്ടതുപോലും ഓർക്കുന്നു. അദ്ദേഹത്തിന്റെ കൈപിടിച്ച് സന്തോഷത്താൽ നിർത്താതെ ചലിപ്പിച്ചു. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ വിരലിലെ മോതിരം എന്റെ കൈയിൽ വന്നു! വത്തിക്കാനിൽവെച്ച് തന്നെ മദർതെരേസയെയും പരിചയപ്പെട്ടിരുന്നു. മുസ്‌ലിംകളുമായി ബന്ധം മെച്ചപ്പെടുത്തുന്നതിൽ ജോൺപോൾ മാർപ്പാപ്പ പ്രത്യേകം താൽപര്യം കാട്ടിയിരുന്നു. നിയയിലെ മുസ്‌ലിം പള്ളിയിൽ വെച്ച് പ്രാർഥിച്ച ആദ്യത്തെ മാർപ്പാപ്പയാണദ്ദേഹം. റോമിലെ മുസ്‌ലിംകൾ അദ്ദേഹത്തെ സ്നേഹാദരവോടെയാണ് കണ്ടിരുന്നത്. ഇതേ സ്നേഹാദരവുകൾ അദ്ദേഹം മുസ്‌ലിംകളോടും കാണിച്ചു. റോമിൽ വലിയൊരു മുസ്‌ലിംപള്ളി നിർമിക്കാൻ തീരുമാനിച്ചപ്പോൾ എതിർപ്പുണ്ടായിരുന്നു. അദ്ദേഹം നേരിട്ടിടപെട്ടാണ് എതിർപ്പുകൾ നീക്കിയത്. മുസ്‌ലിംകളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ റമദാൻ മാസത്തെ അവസാനത്തെ വെള്ളിയാഴ്ച മുസ്‌ലിംകളെപ്പോലെ നോമ്പനുഷ്ഠിക്കാൻ അദ്ദേഹം കത്തോലിക്കാ വിശ്വാസികളെ ആഹ്വാനം ചെയ്തിരുന്നു. മുസ്‌ലിം പ്രാർഥനാ രീതികളോട് അദ്ദേഹത്തിന് മമതയുണ്ടായിരുന്നു. ഇതൊക്കെ കാരണമായി റോമിലെ പല മുസ്‌ലിംകളും വിശ്വസിക്കുന്നു, മരണം അടുത്തപ്പോൾ അദ്ദേഹം ശഹാദത്ത് ചൊല്ലിയിട്ടുണ്ടെന്ന്. ഇതിൽ യാഥാർഥ്യമുണ്ടെന്നെനിക്ക് തോന്നുന്നില്ല. അല്ലാഹുവിന്നറിയാം, സത്യമെന്തെന്ന്....

● *കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തകർക്ക് താങ്കളുടെ സന്ദേശം?*

ഒന്നാമതായി പറയാനുള്ളത് ഇസ്‌ലാം എന്ന ദൈവിക സരണിയിലേക്കെത്തിയത് വലിയ അനുഗ്രഹമായി നിങ്ങൾ എപ്പോഴും ഓർക്കണമെന്നാണ്. രണ്ടാമതായി, ഈ ദൈവികസന്ദേശത്തെ കഴിയുന്നേടത്തോളം ആളുകളിൽ എത്തിക്കുക. സ്വന്തം ജീവിതം കൊണ്ടും, ഹൃദ്യവും സൗമ്യവുമായ ആശയവിനിമയം വഴിയും. മൂന്നാമതായി പറയാനുള്ളത് ഈ സന്ദേശത്തെക്കുറിച്ച് ഭൂരിഭാഗം ജനങ്ങളും അജ്ഞരാണ് എന്ന യാഥാർഥ്യം നിങ്ങൾ ഉൾക്കൊള്ളണമെന്നതാണ്. നമുക്ക് എത്ര വിയോജിപ്പുള്ള വിഷയങ്ങളും ആരുമായും ചർച്ച ചെയ്യാം. നമ്മുടെ ശൈലിയും സമീപനവും ഹൃദ്യവും ആത്മാർഥവുമാണെങ്കിൽ. ■

vshareef@hotmail.com